ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:29.07.2025

# പ്രധാനവാർത്തകൾ

1) ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച ചർച്ചകൾ പാർലമെൻറിൻറെ ഇരുസഭകളിലും പുരോഗമിക്കുന്നു. 140 കോടി ഇന്ത്യക്കാരുടെ നിശ്ചയ ദാർഢ്യത്തിൻറെയും, ഐക്യത്തിൻറെയും വിജയമാണ് ഓപ്പറേഷൻ സിന്ദൂറെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2) പഹൽഗാം ഭീകരാക്രമണത്തിന് പിന്നിൽ പ്രവർത്തിച്ച മൂന്ന് ഭീകരരെ, ഓപ്പറേഷൻ മഹാദേവിലൂടെ ഇന്ത്യൻ സേന ഇന്നലെ വധിച്ചതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. പഹൽഗാമിൽ സുരക്ഷാ വീഴ്ചയുണ്ടായതായി ആരോപിച്ച് പ്രതിപക്ഷം.

3) ഛത്തീസ്ഗഢിൽ അറസ്റ്റിലായ കന്യാസ്ത്രീകളെ കേരളത്തിൽ നിന്നുള്ള എംപിമാരുടെ സംഘം ജയിലിൽ സന്ദർശിച്ചു. വിഷയം പാർലമെൻറിൽ ഉന്നയിക്കുമെന്ന് എംപിമാർ.

4) ഐഎസ്ആർഒയും നാസയും സംയുക്തമായി വികസിപ്പിച്ചെടുത്ത നൈസാർ ഭൗമ നിരീക്ഷണ ഉപഗ്രഹത്തിന്റെ വിക്ഷേപണം നാളെ.

5) മുണ്ടക്കൈ- ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിന് നാളെ ഒരു വയസ്സ്. പുത്തുമലയിൽ നാളെ സർവമത പ്രാർത്ഥനയും, അനുസ്മരണ സമ്മേളനവും നടക്കും

6) നിറപുത്തിരി പൂജകൾക്കായി ശബരിമല ക്ഷേത്ര നട തുറന്നു

*****************

RNU TVPM

## ലോക്സഭ (ഇൻട്രോ)

ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച ചർച്ചകൾ പാർലമെൻറിൻറെ ഇരുസഭകളിലും പുരോഗമിക്കുന്നു. 140 കോടി ഇന്ത്യക്കാരുടെ നിശ്ചയ ദാർഢ്യത്തിൻറെയും, ഐക്യത്തിൻറെയും വിജയമാണ് ഓപ്പറേഷൻ സിന്ദൂറിൽ ഉണ്ടായതെന്ന് ലോക്സഭയിൽ ചർച്ചയെ അഭിസംബോധന ചെയ്തുകൊണ്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇന്ത്യയുടെ വശം കാണാനാകാത്തവർക്ക് മുന്നിൽ ഇത് വ്യക്തമാക്കുന്നതിനായി, വിജയത്തിൻറെ ആത്മസത്ത ഉൾക്കൊണ്ടാണ് താൻ സംസാരിക്കുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു. പഹൽഗാം ഭീകരാക്രമണത്തിന് പിന്നിൽ പ്രവർത്തിച്ച മൂന്ന് ഭീകരരെ, ഓപ്പറേഷൻ മഹാദേവിലൂടെ ഇന്ത്യൻ സേന ഇന്നലെ വധിച്ചതായി ലോക്സഭയിൽ ചർച്ചയിൽ പങ്കെടുത്ത് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ വ്യക്തമാക്കി. സുലൈമാൻ ഷാ, ജിബ്രാൻ, ഹംസ അഫ്ഘാനി എന്നീ ഭീകരരിൽ നിന്ന്, ഭീകരാക്രമണത്തിന് ഉപയോഗിച്ച റൈഫിളുകൾ കണ്ടെടുത്തതായും അദ്ദേഹം പറഞ്ഞു.

ഭീകരർക്കു പുറമേ, ആക്രമണത്തിൻറെ ആസൂത്രകരെയും ഇല്ലാതാക്കാൻ ഇന്ത്യൻ സേനയ്ക്ക് സാധിച്ചതായി ശ്രീ അമിത് ഷാ വ്യക്തമാക്കി. ഭീകരതയോട് സഹിഷ്ണുതയില്ലെന്ന മോദി സർക്കാരിൻറെ നയം ഇതിലൂടെ വ്യക്തമായെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ്)

എന്നാൽ ഹൃദയശൂന്യമായ ആക്രമണമാണ് പഹൽഗാമിൽ നടന്നതെന്നും, ഓപ്പറേഷൻ സിന്ദൂരിൽ പ്രതിപക്ഷം സർക്കാരിനൊപ്പം ഉറച്ചു നിന്നതായും ലോക്സഭാ ് പ്രതിപക്ഷനേതാവ് രാഹുൽഗാന്ധി പറഞ്ഞു. എന്നാൽ പോരാട്ടം തുടരാനുള്ള നിശ്ചയദാർഢ്യം സർക്കാർ കാണിച്ചില്ലെന്നും അദ്ദേഹം വിമർശിച്ചു.

സുരക്ഷാ വീഴ്ച ഉൾപ്പെടെ ആരോപിച്ച് സർക്കാരിനെതിരെ രൂക്ഷവിമർശനമാണ് പ്രതിപക്ഷം സഭയിൽ ഉന്നയിച്ചത്. ഭീകരാക്രമണം നടന്ന സ്ഥലത്ത് സുരക്ഷാ സേനയുടെ സാന്നിധ്യം ഉണ്ടായിരുന്നില്ലെന്നും, ജമ്മുകശ്മീരിൽ സുരക്ഷ ഉറപ്പാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായും കോൺഗ്രസ് എംപി പ്രിയങ്കാ ഗാന്ധി വിമർശനം ഉന്നയിച്ചു. ഗുരുതരമായ സുരക്ഷാ വീഴ്ചയാണ് പഹൽഗാം ഭീകരാക്രമണത്തിന് കാരണമായതെന്ന് സമാജ് വാദി പാർട്ടി അംഗം അഖിലേഷ് യാദവ് ആരോപിച്ചു.

*****************

RNU TVPM

## രാജ്യസഭ(ഇൻട്രോ)

രാജ്യസഭയിൽ രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിങ്ങാണ് ചർച്ചയ്ക്ക് തുടക്കം കുറിച്ചത്. സാധാരണക്കാർക്ക് നേരെയുള്ള ആക്രമണത്തിന് ശക്തമായ തിരിച്ചടി ലഭിക്കുമെന്ന സന്ദേശം ഭീകരർക്ക് കൈമാറാൻ ഓപ്പറേഷൻ സിന്ദൂറിലൂടെ ഇന്ത്യക്ക് സാധിച്ചതായി അദ്ദേഹം പറഞ്ഞു. പാകിസ്ഥാൻ ഇനിയും ദുസ്സാഹസങ്ങൾക്ക് തുനിഞ്ഞാൽ, ഓപ്പറേഷൻ സിന്ദൂർ പുനരാരംഭിക്കാൻ ഇന്ത്യ മടിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി.
(ഹോൾഡ്)
ഓപ്പറേഷൻ സിന്ദൂറിനിടെ വെടിനിർത്തൽ പ്രഖ്യാപിച്ചതിൽ കേന്ദ്രസർക്കാരിനെ രാജ്യസഭാ പ്രതിപക്ഷനേതാവ് മല്ലികാർജുൻ ഖർഗേ രൂക്ഷമായി വിമർശിച്ചു. ഇൻറലിജൻസ് വീഴ്ചയാണ് ഭീകരാക്രമണത്തിന് പിന്നിലെന്നും അദ്ദേഹം ആരോപിച്ചു. എന്നാൽ സമ്മർദ്ദത്തിന് വഴങ്ങിയല്ല ഇന്ത്യ വെടിനിർത്തിലിന് തയ്യാറായതെന്നും, ഇക്കാര്യത്തിൽ യുഎസ് പ്രസിഡൻറ് ഡോളൾഡ് ട്രംപുമായി പ്രധാനമന്ത്രി നരേന്ദ്രമോദി സംഭാഷണം നടത്തിയിട്ടില്ലെന്നും ശ്രീ രാജ്നാഥ് സിങ്ങ് വ്യക്തമാക്കി.

*****************

## വയനാട് (ഇൻട്രോ)

വയനാട് മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിന് നാളെ ഒരു വയസ്സ്. മേപ്പാടി ഗ്രാമപഞ്ചായത്തിലെ രണ്ട് ഗ്രാമങ്ങളെയൊന്നാകെ തുടച്ചു നീക്കിയ മഹാദുരന്തമുണ്ടായത് കഴിഞ്ഞ ജൂലൈ 30 നാണ്. അതിജീവിതർക്കായി സംസ്ഥാന സർക്കാർ ഒരുക്കുന്ന മാതൃകാ ടൗൺഷിപ്പിന്റെ നിർമാണം അതിവേഗം പുരോഗമിക്കുകയാണ്.
ഒരു റിപ്പോർട്ട്

*(വോയ്സ്)*

*ഉരുൾപൊട്ടൽ അതിജീവിതർക്കായി എൽസ്റ്റൺ എസ്റ്റേറ്റിൽ നിർമിക്കുന്ന മാതൃകാ ടൗൺഷിപ്പിലെ 410 വീടുകളിൽ 1662 പേർക്കാണ് തണലൊരുങ്ങുന്നത്. മാർച്ച് 27ന് മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിട്ടതിനു ശേഷം അഞ്ച് മാസം കഴിയുമ്പോൾ മാതൃകാ വീടിന്റെ നിർമാണം അവസാന ഘട്ടത്തിലാണ്. അഞ്ച് സോണുകളിലായി 1000 ചതുരശ്രയടിയിൽ നിർമ്മിക്കുന്ന 410 വീടുകൾ പ്രകൃതി ദുരന്തങ്ങൾ അതിജീവിക്കാൻ സാധിക്കും വിധമാണ് തയ്യാറാക്കുന്നത്. കാണാതായ 32 പേർ ഉൾപ്പെടെ 298 പേർ ദുരന്തത്തിൽ മരണമടഞ്ഞതായാണ് ഔദ്യോഗിക*

PIUTVPM

*കണക്കുകൾ. മരണമടഞ്ഞ 220 പേരുടെ കുടുംബങ്ങൾക്ക് അടിയന്തര ധനസഹായമായി ആറ് ലക്ഷം വീതം സംസ്ഥാന സർക്കാർ ഇതിനകം വിതരണം ചെയ്തു. 2300 -ഓളം പേരെയാണ് ദുരന്തം നേരിട്ട് ബാധിച്ചത്. ഉരുൾപൊട്ടൽ ബാക്കിവച്ച വേദനിപ്പിക്കുന്ന ഓർമകൾക്ക് നടുവിലും അതിജീവനത്തിൻറെ പാതയിലാണ് മുണ്ടക്കൈ ചൂരൽമല നിവാസികൾ. കേരളത്തെ നടുക്കിയ മഹാദുരന്തത്തിന് ഒരു വർഷം പൂർത്തിയാകുമ്പോൾ പുത്തുമലയിൽ നാളെ സർവമത പ്രാർത്ഥനയും, അനുസ്മരണ സമ്മേളനവും നടക്കും.*

*ന്യൂസ് ഡെസ്ക് ആകാശവാണി.*

*****************

**<u>ഛത്തീസ്ഗഡ്-എം.പി</u>**

ഛത്തീസ്ഗഢിൽ അറസ്റ്റിലായ കന്യാസ്ത്രീകളെ കേരളത്തിൽ നിന്നുള്ള എംപിമാരടക്കമുള്ള അഞ്ചംഗ സംഘം ദുർഗ് ജയിലിൽ ഇന്ന് സന്ദർശിച്ചു. ബെന്നി ബഹനാൻ, എൻ കെ പ്രേമചന്ദ്രൻ തുടങ്ങിയ യുഡിഎഫ് എംപിമാരും കന്യാസ്ത്രീയുടെ ബന്ധുവുമാണ് സംഘത്തിലുണ്ടായിരുന്നത്. കന്യാസ്ത്രീകൾക്ക് എല്ലാ പിന്തുണയും നൽകുമെന്നും വിഷയം നാളെ പാർലമെൻറിൽ ഉന്നയിക്കുമെന്ന് എം.പി.മാർ പറഞ്ഞു. കന്യാസ്ത്രീകളെ കാണാനായി ജയിലിലെത്തിയ ഇടതു നേതാക്കളെ സാങ്കേതിക കാരണങ്ങൾ ചൂണ്ടിക്കാട്ടി ജയിൽ അധികൃതർ തടഞ്ഞു. ബൃന്ദ കാരാട്ട്, ആനി രാജ, എ എ റഹിം എംപി എന്നിവർ സംഘത്തിലുണ്ടായിരുന്നു. കന്യാസ്ത്രീകളെ കണ്ട ശേഷം മാത്രമേ ഛത്തീസ്ഗഢിൽ നിന്ന് മടങ്ങൂ എന്ന് എ എ റഹിം എംപി അറിയിച്ചു. വിഷയത്തിൽ നീതി ലഭ്യമാക്കാൻ പ്രധാനമന്ത്രിക്ക് ഉടൻതന്നെ കത്തയച്ചതായും, എന്നാൽ ഛത്തീസ് ഗഢ് മുഖ്യമന്ത്രി ഉൾപ്പെടെ അറസ്റ്റിനെ ന്യായീകരിച്ചതായും മുഖ്യമന്ത്രി പിണറായി വിജയൻ പ്രതികരിച്ചു. ഛത്തീസ്ഗഡ് സംഭവത്തിൽ നീതി ലഭിക്കും വരെ ഒപ്പമുണ്ടാകുമെന്നും കന്യാസ്ത്രീകൾക്ക് നേരെ ഉണ്ടായ ആരോപണം ശരിയല്ലെന്നും ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ മാധ്യമങ്ങളോട് പറഞ്ഞു.

*****************

RNU TVPM

## ഐഎസ്ആർഒ

ഐഎസ്ആർഒയും നാസയും സംയുക്തമായി വികസിപ്പിച്ചെടുത്ത നൈസാർ ഭൗമ നിരീക്ഷണ ഉപഗ്രഹത്തിന്റെ വിക്ഷേപണം നാളെ. വൈകുന്നേരം ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്നാണ് വിക്ഷേപണം. മേഘാവൃതമായ കാലാവസ്ഥയിലും ഭൂമിയുടെ ചിത്രങ്ങൾ പകർത്താൻ ഉപഗ്രഹത്തിന് കഴിയും. അത്യാധുനിക റഡാർ ഇമേജിംഗ് സാങ്കേതികവിദ്യ സജ്ജീകരിച്ചിരിക്കുന്ന ഭൗമ നിരീക്ഷണ ഉപഗ്രഹം ഭൗമോപരിതലത്തിൽ നിന്ന് 743 കിലോമീറ്റർ ഉയരെയുള്ള ഭ്രമണപഥത്തിലേക്കാണ് വിക്ഷേപിക്കുക.

*****************

## ശബരിമല-നിറപുത്തരി

നിറപുത്തിരി പൂജകൾക്കായി ശബരിമല ക്ഷേത്ര നട തുറന്നു. നാളെ പുലർച്ചെ 5. 30നും 6.30 നും ഇടയിലാണ് നിറപുത്തരി പൂജകൾ. നിറപുത്തരിയ്ക്കായുള്ള നെൽകതിരുകളുമായി അച്ചൻകോവിൽ ശ്രീധർമ്മശാസ്താ ക്ഷേത്രത്തിൽ നിന്ന് പുറപ്പെട്ട ഘോഷയാത്ര ഇന്ന് രാത്രി 8 മണിക്ക് സന്നിധാനത്തെത്തും. നിറപുത്തരി പൂജകൾ പൂർത്തിയാക്കി നാളെ രാത്രി 10 നാണ് നട അടയ്ക്കുക . തിരുവനന്തപുരം ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിലും നാളെ പുലർച്ചെ നിറപുത്തരി ചടങ്ങ് നടക്കും.

RNU TVPM

*****************

## ഗവർണർ -ദക്ഷിണ വ്യോമസേനാ ആസ്ഥാനം

ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ തിരുവനന്തപുരം ആക്കുളത്തെ ദക്ഷിണ വ്യോമസേനാ ആസ്ഥാനം ഇന്ന് സന്ദർശിച്ചു. ദക്ഷിണ വ്യോമസേനാ മേധാവി എയർ മാർഷൽ മനീഷ് ഖന്ന ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർ ചേർന്ന് ഗവർണറെ സ്വീകരിച്ചു. വ്യോമസേനാംഗങ്ങൾ അദ്ദേഹത്തിന് ഗാർഡ് ഓഫ് ഓണർ നൽകി .

*****************

## കാട്ടാന ആക്രമണം

ഇടുക്കി - കോട്ടയം അതിർത്തിയിലെ പെരുവന്താനത്ത് ഇന്ന് രാവിലെയുണ്ടായ കാട്ടാന ആക്രമണത്തിൽ ടാപ്പിങ് തൊഴിലാളി മരിച്ചു. കാഞ്ഞിരപ്പള്ളി തമ്പലക്കാട് സ്വദേശി പുരുഷോത്തമൻ ആണ്

മരിച്ചത്. കാട്ടാനയുടെ സാന്നിധ്യം അറിയിച്ചിട്ടും നടപടി സ്വീകരിച്ചില്ലെന്ന് ആരോപിച്ച്, വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നാട്ടുകാർ പ്രതിഷേധം നടത്തി.

*****************

## നെല്ലിന്റെ സബ്സിഡി

കർഷകരിൽനിന്ന് സംഭരിച്ച നെല്ലിന്റെ സബ്സിഡിയായി 33.89 കോടി രൂപകൂടി അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. സിവിൽ സപ്ലൈസ് കോർപറേഷനാണ് തുക അനുവദിച്ചത്.

*****************

## ഓഹരി -സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 447 പോയിന്റ് ഉയർന്ന് 81,338 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 140 പോയിന്റ് നേട്ടത്തിൽ 24,821 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വിലയിൽ നേരിയ കുറവ്. പവന് 80 രൂപ താഴ്ന്ന് 73,200 രൂപയും ഗ്രാമിന് 9,150 രൂപയുമാണ് ഇന്നത്തെ വില.

*****************

## മഴ

സംസ്ഥാനത്ത് മഴയ്ക്ക് ശമനമായി. എന്നാൽ കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ജലനിരപ്പ് ഉയർന്ന സാഹചര്യത്തിൽ പത്തനംതിട്ട ജില്ലയിലെ കക്കി- ആനത്തോട് ഡാമിൽ ചുവപ്പ് മുന്നറിയിപ്പ് പ്രഖ്യാപിച്ചു.
പമ്പാ നദിയുടെയും കക്കാട്ടാറിന്റെ ഇരുകരകളിൽ താമസിക്കുന്നവരും പൊതുജനങ്ങളും ജാഗ്രത പുലർത്തണം.

****************

RNU TVPM

**ബോധവത്ക്കരണ പരിപാടി കോട്ടയം-മന്ത്രി വി.എൻ. വാസവൻ**

സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ പ്രയോജനം ബോധവത്ക്കരണ പരിപാടികളിലൂടെ ജനങ്ങൾക്ക് കൂടുതലായി ലഭ്യമാക്കാനാകുമെന്ന് മന്ത്രി വി.എൻ. വാസവൻ. കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിനു കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷന്റെ ആഭിമുഖ്യത്തിൽ നടന്ന ദ്വിദിന ശിൽപശാലയും ഫോട്ടോ പ്രദർശനവും കോട്ടയം ഏറ്റുമാനൂരിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

*****************

************

****

RNU TVPM